പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1666

18.06.2012-ൽ താല്ക്കാലിക മറുപടി നൽകിയത് (അന്തിമ മറുപടി)

# മത്സ്യഫെഡ് ഭരണ സമിതി തെരഞ്ഞെടുപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. കെ. ഗുരുദാസൻ<br>,, റ്റി. വി. രാജേഷ്<br>,, സി. കൃഷ്ണൻ<br>,, കെ. ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യഫെഡിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ ഇല്ലാത്തതിന്റെ കാരണം എന്താണ്; പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് നടപടികളായിട്ടുണ്ടോ; നിലവിലുണ്ടായിരുന്ന ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ തെരഞ്ഞെടുപ്പ് എപ്പോൾ നടത്താനാവുമെന്നാണ് തീരുമാനിച്ചിരുന്നത്; | (എ) | മത്സ്യഫെഡിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും ഇതു സംബന്ധിച്ച് ഫിഷറീസ് രജിസ്ട്രാർ അന്വേഷണം നടത്തുകയും തുടർന്ന് **1969** ലെ കേരള സഹകരണ സംഘം ആക്ടിലെ വകുപ്പ് **32(1)** പ്രകാരം ടി ഭരണസമിതിയെ **07.09.2011** ൽ നീക്കം ചെയ്യുകയും ചെയ്തു. അപ്രകാരം നീക്കം ചെയ്ത ഭരണസമിതി ബഹു.ഹൈക്കോടതി **WP(C) 24461/2011**-ൻ മേൽ **12-12-2011** ന് പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടറുടെ എഫ് **39479/2011** നമ്പരായുള്ള **12-12-2011** ലെ ഉത്തരവിൻ പ്രകാരം **12-12-2011** മുതൽ പുന:സ്ഥാപിക്കപ്പെടുകയുണ്ടായി. പുന:സ്ഥാപിക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി അവസാനിച്ചു. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ല. പകരം മത്സ്യഫെഡിലെ ഭരണ നിർവഹണത്തിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ ആയിട്ടില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീരുമാനം എടുത്തിരുന്നു. എന്നാൽ **1969** ലെ കേരള സഹകരണ സംഘം ആക്ടും ചട്ടവും |

| | | | |
|---|---|---|---|
| | | | അനുശാസിക്കുന്ന സമയപരിധിക്കുള്ളി ലല്ല, പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടായിരുന്നത്. **2012** മാർച്ച് മാസം **10-**ാം തീയതി തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് തീരുമാനിച്ചിരുന്നത്. |
| (ബി) | അഡ്മിനിസ്റ്റേറ്റീവ് സമിതി നിലവിൽ വന്നതിന് ശേഷം ഏതെല്ലാം നയപരമായ കാര്യങ്ങളിലും സാമ്പത്തിക ബാദ്ധ്യ തയുണ്ടാക്കുന്ന കാര്യങ്ങളിലും എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി; വിശദമാക്കാമോ; | (ബി) | പ്രധാനപ്പെട്ട തീരുമാനങ്ങളുടെ വിവരങ്ങൾ **Annexure-1** പ്രകാരം സമർപ്പിക്കുന്നു. |
| (സി) | കമ്മിറ്റി നിയമവരുദ്ധമായി എടുത്ത തീരുമാനങ്ങൾ എന്തൊക്കെ യാണെന്നും എന്തെല്ലാം പരാതികൾ കമ്മിറ്റിക്കെതിരെ ഉന്നയിക്കപ്പെടുകയുണ്ടായെന്നും വ്യക്തമാക്കുമോ; | (സി) | അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റിയെടുത്ത **06-03-12** ലെ **07/2012** നമ്പർ തീരുമാനവും **14-03-12** ലെ **38/2012, 41/2012** നമ്പർ തീരുമാനവും**22-03-2012** ലെ **62/2012, 66/2012, 30-03-12** ലെ **84/2012, 85/2012, 92/2012** എന്നീ തീരുമാനവും പുന:പരിശോധന നടത്തി ആവശ്യമായ തീരുമാനം എടുത്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ ഏതൊക്കെയാണെന്നും പുന:പരിശോധന സംബന്ധിച്ച കാരണങ്ങളും ഉൾപ്പെടുത്തി വിശദീകരണക്കുറിപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി തീരുമാനത്തി നെതിരെ പരാതികളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | രജിസ്ട്രാറുടെയോ സർക്കാരിന്റെയോ അംഗീകാരമില്ലാതെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയതായുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്